**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 6482 11.07.2012 - ൽ മറുപടിക്ക്

**വയനാട് ജില്ലയിലെ ഭൂസമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ<br>" പി. ശ്രീരാമകൃഷ്ണൻ<br>" പി. റ്റി. എ. റഹീം<br>" കെ. ദാസൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ ഇപ്പോൾ ഭൂമിക്കു വേണ്ടി സമരം ചെയ്ത എത്ര ആദിവാസികളെയാണ് ജയിലിലടച്ചിട്ടുളളതെന്ന് പറയാമോ; | (എ) | 372 ആദിവാസികളെയാണ് ജയിലിലടച്ചിരുന്നത്. എന്നാൽ 06.07.2012 ലെ സർക്കാർ ഉത്തരവു പ്രകാരം ജയിലിലടച്ചവരെയെല്ലാം മോചിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്ക് ജാമ്യം നിഷേധിക്കപ്പെടാൻ തക്ക സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ; | (ബി) | വനഭൂമി കയ്യേറി കഴകളും അടിക്കാടുകളും വെട്ടി കുടിൽകെട്ടുന്നത് 1961 ലെ കേരള വന നിയമ പ്രകാരം ജാമ്യം ലഭിക്കാത്ത കുറ്റമാണ്. എന്നിരുന്നാലും ബഹു: കോടതി, കോടതി നടപടികൾക്കു വിധേയമായി ജാമ്യത്തിൽ പോകാൻ തയ്യാറുളള എല്ലാ ആദിവാസികൾക്കും ജാമ്യം അനുവദിച്ചിട്ടുണ്ട്. ആകെ അറസ്റ്റു ചെയ്ത 1172 പേരിൽ ജാമ്യത്തിൽ പോകാൻ തയ്യാറാകാത്ത 372 പേരെയാണ് ബഹു: കോടതി റിമാൻഡ് ചെയ്തിരുന്നത്. ജാമ്യം നിഷേധിക്കുന്ന സാഹചര്യം ആർക്കും ഉണ്ടായിട്ടില്ല. |
| (സി) | ജാമ്യം ലഭിക്കാതെയുള്ളവർ കുറ്റങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പറയാമോ; | (സി) | നിയമവിരുദ്ധമായി വനം കയ്യേറി കഴകളും അടിക്കാടുകളും വെട്ടി കുടിൽ കെട്ടുന്നത് 1961 ലെ കേരള വന നിയമം സെക്ഷൻ 27.1 (e),(iii),(iv) പ്രകാരം ജാമ്യം ലഭിക്കാത്ത കുറ്റമാണ്. |
| (ഡി) | ഭൂമിക്കുവേണ്ടി സമരം ചെയ്യുന്ന ആദിവാസികളെ ഇപ്രകാരം ജാമ്യമില്ലാത്ത കുറ്റങ്ങൾ ആരോപിച്ച് ജയിലിലടയ്ക്കുന്നത് ഈ സർക്കാരിന്റെ നയമാണോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | വനസംരക്ഷണത്തിന്റെ ഭാഗമായി, നിയമവിരുദ്ധമായി വനം കയ്യേറി കഴകളും അടിക്കാടുകളും വെട്ടി കുടിൽ കെട്ടിയതിന് 1961 ലെ കേരള വന നിയമ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുക മാത്രമാണ് വനം വകുപ്പ് ചെയ്തിട്ടുളളത്. |

സെക്ഷൻ ഓഫീസർ